**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1767** **11-10-2024 - ൽ മറുപടിയ്ക്ക്**

**വയോജന പരിചരണത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വയോജന പരിചരണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് വയോജനക്ഷേമം മുൻനിർത്തി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് പുറമെ താഴെപ്പറയുന്ന പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>**1.ഹോം ബെയ്സ്ഡ് ജെറിയാട്രിക് കെയർ സേവനം സംബന്ധിച്ച പദ്ധതി-**<br><br>ഗാർഹിക വയോജന സേവനമേഖലയിൽ പ്രവർത്തിയ്ക്കുന്ന ഹോം നഴ്സിംഗ് സ്ഥാപനങ്ങളെ സംബന്ധിച്ച പഠനം, ഹോം നഴ്സുമാരെ നിയോഗിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം, ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് geriatric പരിശീലന module തയ്യാറാക്കൽ, എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>**2.സമഗ്രവയോജന സർവ്വേ**<br><br>വയോജനങ്ങളുടെ സമഗ്രമായ വിവരശേഖരണത്തിനായി വയോജന സർവ്വെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് IKM മായി ധാരണപത്രം ഒപ്പു വെക്കുകയും ആയതിലേക്കാവശ്യമായ ആദ്യ ഗഡു തുക IKM ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സോഫ്റ്റ്വെയർ തയ്യാറാകുന്ന മുറയ്ക്ക് സമഗ്ര വയോജന സർവ്വേ നടത്തുന്നതിനുള്ള മറ്റു തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>MWPSC ആക്ടുമായി ബന്ധപ്പെട്ട് വയോജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ, ആക്ടുമായി ബന്ധപ്പെട്ട കേസുകളുടെ മോണിറ്ററിംഗ് എന്നിവയ്ക്കായുള്ള സോഫ്റ്റ് വെയർ രൂപകല്പന ചെയ്യുന്നതിന് കേരള സ്റ്റാർട്ട് അപ് |

മിഷനുമായി ധാരണപത്രം ഒപ്പിട്ടുകയും ആയതിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്.

**3.സംസ്ഥാന വയോജന കമ്മീഷൻ-**

വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും, വയോജനങ്ങളുടെ കഴിവുകൾ പൊതു സമൂഹത്തിലേക്ക് ഉപയുക്തമാക്കുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കും, വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ, ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച പരിശോധന നടത്തുന്നതിനും, ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിലേക്കായി നടപടികൾ പുരോഗമിച്ചു വരുന്നു.

4. ഓർമ്മത്തോണി പദ്ധതി

സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് .പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും, മാനസിക പ്രയാസങ്ങളും, പ്രശ്നങ്ങളും വന്നു ചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തിഗത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതും ആയ ഒരവസ്ഥയാണ് മേധാക്ഷയം അഥവ ഓർമ്മക്കുറവ്. ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ '***ഡിമെൻഷ്യ സൗഹൃദ കേരളം***' എന്ന ഒരു നൂതന പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. **ഓർമ്മത്തോണി** എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഇത്തരക്കാരെ പരിചരിക്കുന്നതിനു 2 ഡേ കെയർ സെന്ററുകൾ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകൾ കേന്ദ്രീകരിച്ചു ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യ ഘട്ടമായി വയോമിത്രം പദ്ധതി ഗുണഭോക്താക്കളിലെ ഡിമെൻഷ്യ ബാധിതരെ കണ്ടെത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതും, തുടർന്ന് രണ്ടാം

| | | | |
|---|---|---|---|
| | | | ഘട്ടമായി 65 വയസ്സ് കഴിഞ്ഞ മുഴുവൻ ആൾക്കാരെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി ആഴ്ചയിൽ ഒരു ദിവസം എന്ന ക്രമത്തിൽ വയോമിത്രം ടീം ഇവരെ കണ്ടെത്താൻ വേണ്ട സ്ക്രീനിംഗ് ക്യാമ്പ് നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ആശാ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ